"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി അസിസ്റ്റന്റായ ശ്രീമതി. അനുശ്രീ അശോകൻ - ന് പഠനാവശ്യത്തിന് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇഎ) വകുപ്പ്**

സ.ഉ.(സാധാ) നം.**1215/2023/AGRI** തീയതി,തിരുവനന്തപുരം, **19-12-2023**

---

പരാമർശം:- **1.** കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ **19/12/2022** ലെ **ADFW/10810/2022-SE1** നമ്പർ കത്ത്.
കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ **07/07/2023** ലെ **ADFW/10810/2022-SE1** നമ്പർ കത്ത്.

**2.**

**<u>ഉത്തരവ്</u>**

തൃശ്ശൂർ കൃഷി ഭവനിൽ കൃഷി അസിസ്റ്റന്റായി **22.03.2022** ൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി അനുശ്രീ അശോകൻ **24.03.2022** മുതൽ **31.12.2024** വരെ പഠനാവശ്യത്തിനായി **Appendix XII B** പ്രകാരമുള്ള ശൂന്യവേതനാവധി അനുവദിയ്ക്കുന്നതിനായി അവധി അപേക്ഷയും അനുബന്ധ രേഖകളും കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം (1) കത്ത് പ്രകാരം സർക്കാറിൽ ലഭ്യമാക്കിയിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർവ്വീസിൽ തുടർച്ചയായി മൂന്നു വർഷത്തെ സേവനത്തിന്റെ അഭാവത്തിൽ ശ്രീമതി അനുശ്രീ അശോകന് പഠനാവശ്യത്തിനായി കെ.എസ്.ആർ ഭാഗം **I**, അനുബന്ധം **XII B** പ്രകാരമുള്ള അവധിയ്ക്കാണ് അർഹത. അനുബന്ധം **XII B** പ്രകാരമുള്ള ശൂന്യവേതനാവധി മുഴുവൻ കോഴ്സ് കാലയളവിലേയ്ക്കേ അനുവദിക്കാനാകൂ. മേൽ സാഹചര്യത്തിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം ലഭ്യമാക്കിയിട്ടുള്ള കോഴ്സ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ, തൃശ്ശൂർ കൃഷി ഭവനിൽ കൃഷി അസിസ്റ്റന്റായ ശ്രീമതി അനുശ്രീ അശോകന് പഠനാവശ്യത്തിനായി **24.03.2022** മുതൽ **15.03.2024** വരെ, കെ.എസ്.ആർ ഭാഗം **I**, അനുബന്ധം **XII B** യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു. ടിയാൾ അവധി കഴിഞ്ഞ്

സർവീസിൽ പുനഃപ്രവേശിക്കുമ്പോൾ പുതിയതായി സർവീസിൽ പ്രവേശിക്കുന്നതായി കണക്കാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**VALSALA S D**

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ , കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ശ്രീമതി. അനുശ്രീ അശോകൻ , കൃഷി അസിസ്റ്റന്റ് (ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന)
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി (AGRI-EA2/22/2023-AGRI)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ